LIBRARY ARCHIVES Kerala Legislative Assembly

ടെഷർ ടോവ് ആക്ട്

132(3011) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെഷർ ടോവ് ആക്ട് പ്രകാരം ഈ സർക്കാരിന്റെ കാലത്ത് ലഭ്യമായ വസ്തു വകകളെ സംബന്ധിച്ചുള്ള വിവരങ്ങളുടെ ക്രോഡീകരണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ആക്ട് പ്രകാരമുള്ള വസ്തുക്കളുടെ അടിസ്ഥാനമൂല്യം പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരത്തിൽ ലഭിക്കുന്ന വസ്തുക്കൾ ഏറ്റെടുക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ക്രോഡീകരിച്ചിട്ടില്ല. കണ്ണൂർ ജില്ലയിൽ തലശ്ശേരിയിൽനിന്നും മാത്രമേ ഈ സർക്കാരിന്റെ കാലത്ത് ടെഷർ ടോവ് ആക്ട് പ്രകാരം വസ്തുവകകൾ ലഭിച്ചിട്ടുള്ളൂ. ഇറമുഖ വകുപ്പിന്റെ ഓഫീസിന്റെ അരികിൽനിന്നും 8 പീരങ്കികൾ ആണ് ഇപ്രകാരം കണ്ടെത്തിയത്.

(ബി) 1968-ലെ ടെഷർ ടോവ് ആക്ട് വകുപ്പ് 3 പ്രകാരം അടിസ്ഥാനമൂല്യം 25 രൂപയാണ്. ആയത് പരിഷ്കരിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(സി) 1968-ലെ കേരള ടെഷർ ടോവ് ആക്ട്, 1971-ലെ അനുബന്ധ ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ ആണ് ഇത്തരത്തിൽ ലഭിക്കുന്ന വസ്തുക്കൾ ഏറ്റെടുക്കുന്നതിന് പാലിക്കേണ്ടത്.

അങ്കമാലി മിനി സിവിൽ സ്റ്റേഷന്റെ പ്രവർത്തനം

133(3012) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ പണി പൂർത്തിയായി കൊണ്ടിരിക്കുന്ന അങ്കമാലി മിനി സിവിൽ സ്റ്റേഷനിലേക്ക് സർക്കാർ ഓഫീസുകൾ മാറ്റി പ്രവർത്തനം ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഏതെല്ലാം ഓഫീസുകളാണ് മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിനായി ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?